ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, പ്രവാസി ക്ഷേമത്തിന് ഇതു വരെ ഹെഡ് ഓഫ് അക്കൗണ്ട് ഉണ്ടായിട്ടില്ല. ഇവിടെ ചർച്ച ചെയ്യുന്ന XXIV-ാം നമ്പർ തൊഴിലും തൊഴിലാളിക്ഷേമവും എന്ന ഹെഡ് ഓഫ് അക്കൗണ്ടിലാണ് ഇതുവരുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർമാർക്കുപോലും അറിയാൻ സാധിക്കുന്നില്ല. കേരളത്തെ സംബന്ധി ച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട പ്രവാസികളുടെ ക്ഷേമകാര്യത്തിന് ഒരു ചർച്ച സഭയിൽ ഉണ്ടാകാതെ പോകുന്നത് നിർഭാഗ്യകരമാണ്. അതുകൊണ്ട് ദയവായി അങ്ങ് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയാൽ ബഹുമാനപ്പെട്ട അംഗ ങ്ങൾ സംസാരിക്കുമ്പോൾ പറയാൻ സാധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : തൊഴിലും തൊഴിലാളിക്ഷേമവും എന്ന ഹെഡിൽത്തന്നെയാണ് പ്രവാസിക്ഷേമവും വരുന്നത്. അതുംകൂടി ചേർത്ത് ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇത്രയും പ്രധാനപ്പെട്ട വിഷയത്തിനെ ഒരു സെപ്പറേറ്റ് ഹെഡ് ആക്കാത്തത് എന്തുകൊണ്ടാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ : ഗവൺമെന്റ് അത് പ്രത്യേകമായി ആലോ ചിക്കും. ചർച്ച ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സമയത്തി നകത്ത് നിന്നു കൊണ്ടുതന്നെ ദയവായി ചർച്ച പൂർത്തീകരിക്കണം.

ശ്രീ. സി. കൃഷ്ണൻ : സർ, തൊഴിലും തൊഴിലാളിക്ഷേമവും, സഹകരണം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. തൊഴിൽ ലഭ്യതയുടെ കുറവും പെരുകുന്ന തൊഴിലില്ലായ്മയും നമ്മുടെ രാജ്യത്ത് വലിയ പ്രശ്നമായി വളർന്നുവരികയാണ്. കേരളത്തിലെ അവ സ്ഥയും അതുതന്നെയാണ്. കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ

തൊഴിൽ ലഭ്യതയുടെ വളർച്ച 2.7% ആയിരുന്നത് 0.8% ആയി കുറഞ്ഞുവെന്നാണ് ദേശീയ തലത്തിലെ ചില കണക്കുകളിൽ വ്യക്തമാക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നാല്പത്തി രണ്ടര ലക്ഷം പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തിരിക്കുകയാണ്. കൂടാതെ പി.എസ്.സി. പരീക്ഷയും മറ്റും എഴുതി, ലിസ്റ്റിൽപ്പെട്ട പതിനായിരക്കണക്കിന് ആളുകൾ വേറെയും തൊഴിലിനുവേണ്ടി കാത്തുനിൽക്കുന്നു. ഈ സന്ദർഭത്തിൽ കേരളത്തിലെ തൊഴിൽമേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി, പ്രത്യേകിച്ച് കേരളത്തിൽ സംഘടിത ആധുനിക വ്യവസായങ്ങൾ വളരെക്കുറച്ച് മാത്രമേയുള്ളൂ. പരമ്പരാഗത അസംഘടിത മേഖലകളിലാണ് കൂടുതൽ തൊഴിലവസരങ്ങളുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ മേഖലയെ അഭിവൃദ്ധിപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും ഉള്ള തൊഴിൽ സംരക്ഷിക്കുന്നതിനുവേണ്ടിയും ഒട്ടേറെ നടപടികൾ സ്വീകരിച്ചിരുന്നു. ഇപ്പോൾ അത്തരം നടപടികൾ ഫലപ്രദമായി സ്വീകരിക്കുന്നുണ്ടോ എന്നുപറയാൻ സാധിക്കില്ല. കൈത്തറി, കശുവണ്ടി, ഖാദി തുടങ്ങി ഓരോ മേഖലയും എടുത്തുകഴിഞ്ഞാൽ അവിടെയെല്ലാം തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. എല്ലാ മേഖലയും എടുത്തുപറയുന്നില്ല. ഏതെങ്കിലും ഒരു മേഖലയിൽ നൂറുപേർക്ക് പുതിയതായി തൊഴിൽ കൊടുക്കാൻ സാധിച്ചു എന്ന് പറയാൻ കഴിയുന്നില്ല എന്നുമാത്രമല്ല ഉള്ള തൊഴിലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. തൊഴിലാളിക്ഷേമ പദ്ധതികളുടെ കാര്യത്തിൽ എല്ലാക്കാലത്തും മുന്നിട്ട് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. നിരവധി തൊഴിലാളിക്ഷേമ പദ്ധതികൾ നമുക്കുണ്ട്. എന്നാൽ ഇതിൽ അംഗങ്ങളായിട്ടുള്ള അർഹരായ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

യഥേഷ്ടം ഇന്ന് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. ഓരോ ക്ഷേമപദ്ധതിയുടെയും കാര്യം എടുത്തുപരിശോധിച്ചാൽ അതില്ല എന്നുകാണാൻ കഴിയും. വളരെ പ്രധാനപ്പെട്ട ക്ഷേമപദ്ധതിയാണ് കർഷകതൊഴിലാളി ക്ഷേമനിധി. കർഷക തൊഴിലാളി ക്ഷേമനിധിയിൽ ഉടമകളുടെ അംശദായം കഴിഞ്ഞ കുറേ വർഷക്കാലമായി ശേഖരിക്കുന്നില്ല. ഏതാണ്ട് 500 കോടി രൂപ ഉടമകളുടെ വിഹിതമായി ക്ഷേമനിധിയിലേയ്ക്ക് പിരിഞ്ഞുകിട്ടാനുണ്ട്. അത് പിരിച്ചെടുക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് അവരുടെ അതിവർഷ ആനുകൂല്യങ്ങൾ ഉൾപ്പെടെ ആറോളം ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കേണ്ടതാണ്. അത് പലതും ഇന്ന് മുടങ്ങിക്കിടക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 115 കോടി രൂപ ഒന്നിച്ച് ഈ ആവശ്യത്തിനായി ഗവൺമെന്റ് കൊടുത്തിരുന്നു. അതിന് മുമ്പ് 9 കോടി രൂപ ഈ ആവശ്യത്തിനായി ഗവൺമെന്റ് അന്ന് കൊടുത്തിരുന്നു. ആ തുക ഉപയോഗപ്പെടുത്തി 2009 വരെയുള്ള ആനുകൂല്യങ്ങൾ കൊടുത്തു. തൊഴിലാളി വിഹിതത്തിന് തുല്യമായി സർക്കാരും ഒരു വിഹിതം കൊടുക്കണം, അതിനുവേണ്ടി ഒരു നിയമവും കൊണ്ടുവന്നു. എന്നാൽ ആ നിയമമനുസരിച്ചോ അല്ലാതെയോ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കർഷകത്തൊഴിലാളി ക്ഷേമനിധിക്കുവേണ്ടി ഒരു രൂപപോലും മാറ്റിവച്ചിട്ടില്ല എന്നത് പ്രതിഷേധാർഹമായിട്ടുള്ള കാര്യമാണ്.

മറ്റൊരു പ്രധാനപ്പെട്ട ക്ഷേമനിധിയാണ് നിർമ്മാണത്തൊഴിലാളികളുടേത്. വളരെ ആകർഷകമായതിനാൽ ധാരാളം ആളുകൾ, നിർമ്മാണത്തൊഴിലാളികളല്ലാത്തവർപോലും ആ ക്ഷേമനിധിയിൽ അംഗങ്ങളായി ചേരുന്നു

എന്നതാണ് അതിന്റെ പ്രത്യേകത. അതൊരു പ്രശ്നമായി നിലനിൽക്കുന്നുണ്ട്. ഈ ക്ഷേമനിധിയുടെ അവസ്ഥയെന്താണ്? കെട്ടിടമുടമകളിൽ നിന്ന് പിരിഞ്ഞുകിട്ടേണ്ട കോടിക്കണക്കിന് രൂപ ഇന്ന് പിരിച്ചെടുക്കുന്നില്ല. ഏതാണ്ട് 500 കോടി രൂപ കുടിശ്ശികയുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ അംഗത്വം പുതുക്കുന്ന നടപടി നിർത്തിവെച്ചിരിക്കുന്നതിന്റെ ഫലമായി അംഗത്വം പുതുക്കാനോ ആനുകൂല്യത്തിനുവേണ്ടി അപേക്ഷകൾ കൊടുക്കാനോ സാധിക്കുന്നില്ല. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി പദ്ധതി പൂർണ്ണമായി ദുർബ്ബലമാകുന്ന അല്ലെങ്കിൽ തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. എല്ലാ മേഖലകളിലും ക്ഷേമനിധികളുണ്ട്.

കൈത്തറിയുടെ കാര്യമെടുക്കുകയാണെങ്കിൽ, 9300 ഓളം തൊഴിലാളികൾ ആ ക്ഷേമനിധിയിൽ നിന്ന് പെൻഷൻ വാങ്ങുന്നുണ്ട്. ഒരു വർഷം അവർക്ക് പെൻഷൻ കൊടുക്കുന്നതിന് 62 കോടി രൂപ വേണം. 30,80,000 രൂപ മാത്രമാണ് ഇതിനുവേണ്ടി കഴിഞ്ഞതവണ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റി കൂടിയ അവസരത്തിൽ വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് കണ്ടറിയേണ്ടതാണ്. കൈത്തറിത്തൊഴിലാളികളുടെ ക്ഷേമനിധി മുഖേനയുള്ള പെൻഷൻ ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. ബീഡി ചുരുട്ട് തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നത് അവരുടെ ക്ഷേമനിധി മുഖേനയാണ്. ഒരു വർഷം അവർക്ക് തുക കൊടുക്കാനായി ഏകദേശം 2 കോടി 84

ലക്ഷം രൂപ വേണം. അതിനാവശ്യമായ തുകയും വകയിരുത്തിയിട്ടില്ല. ഈ പ്രശ്നം സഭയിൽ ഞാൻ ഉന്നയിക്കുകയുണ്ടായി. ഈ വർഷവും ബീഡിത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ അവർക്ക് പൂർണ്ണമായും കിട്ടാത്ത അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്.

നമ്മുടെ സംസ്ഥാനത്ത് വേതനത്തിന്റെ അവസ്ഥയും മറ്റും പരിഗണിച്ചുകൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഒരു നൂതനമായ പദ്ധതിയായിരുന്നു ഇൻകം സപ്പോർട്ട് സ്കീം. ഏറ്റവും കുറഞ്ഞ കൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് അവരുടെ വേതനം ഉയർത്താനുള്ള ഒരു പദ്ധതി നടപ്പിലാക്കുക എന്നതാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. മുൻഗവൺമെന്റിന്റെ കാലത്ത് 2010-11 ൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. തുടർന്നുള്ള ബഡ്ജറ്റിൽ 80 കോടി രൂപ വകയിരുത്തി. പുതുക്കിയ ബഡ്ജറ്റിൽ 80 കോടി രൂപ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും വർഷാവസാനം ആകുമ്പോഴേയ്ക്കും 30 കോടി രൂപയായി കുറയ്ക്കുകയാണ് ചെയ്തത്. ആ 30 കോടി രൂപ തന്നെ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല എന്നാണ് കണക്കുകൾ പരിശോധിച്ചാൽ കാണാൻ സാധിക്കുന്നത്. ഇത്തവണ ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നുള്ളത് സ്വാഗതാർഹമായിട്ടുള്ള കാര്യമാണ്. എന്നാൽ മുൻവർഷത്തെ അനുഭവംതന്നെയായിരിക്കുമോ അതിനുമുണ്ടാകുക. 80 കോടി രൂപ 30 കോടിരൂപ ആക്കിയതുപോലെ, ഈ 70 കോടിരൂപയും വെട്ടിക്കുറയ്ക്കാൻ ഇടയാക്കുമോയെന്നത് ഉത്കണ്ഠ ഉളവാക്കുന്ന കാര്യമാണ്. മറ്റൊരു പ്രധാനപ്പെട്ട സംഗതി, ഇ.എസ്.ഐ-യുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയമാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് ഇ.എസ്.ഐ. ആശുപത്രികളെ, മികവിന്റെ കേന്ദ്ര

ങ്ങളാക്കി മാറ്റുന്നതിന് വേണ്ടിയുള്ള കുറേ പദ്ധതികൾ ആവിഷ്ക്കരിച്ചിരുന്നു. കേരളത്തിൽ പത്തുലക്ഷം തൊഴിലാളികൾ ഇ.എസ്.ഐ-യിൽ അംഗങ്ങളായിട്ടുണ്ട്. എന്നാൽ നമ്മുടെ ആശുപത്രികളുടെ അവസ്ഥ- ഒൻപത് ആശുപത്രികളും 151 ഡിസ്പെൻസറികളും ഇവിടെയുണ്ട്. ഇവിടെ ഡോക്ടർമാരില്ല, മരുന്നില്ല, അവർക്ക് കിട്ടേണ്ടുന്ന റീഇമ്പേഴ്സ്മെന്റ് കൃത്യമായി കിട്ടുന്നില്ല. ഇല്ലായ്മകളുടെ കേന്ദ്രമായി ആശുപത്രികൾ മാറുകയാണ് ചെയ്യുന്നത്. ഇ.എസ്.ഐ ആശുപത്രികളെ തൊഴിലാളികൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുംവിധം ആകർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതുപോലെതന്നെ നമുക്കറിയാം സംസ്ഥാനത്തായാലും രാജ്യത്തായാലും ഏറ്റവും കൂടുതൽ തൊഴിലാളികളുള്ളത് അസംഘടിത മേഖലയിലായാണ്. 2008-ൽ കേന്ദ്ര ഗവൺമെന്റ് അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യസുരക്ഷാ നിയമം പാസ്സാക്കി. ആ നിയമം നടപ്പിലാക്കാൻ സംസ്ഥാന ഗവണമെന്റുകൾക്ക് ഉത്തരവാദിത്വമുണ്ട്, അത് നടപ്പിലാക്കണം എന്നാണ് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് അതിനാവശ്യമായ സംവിധാനം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽപ്പോലും അസംഘടിതമേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയുള്ള സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഒരു തൊഴിലാളിയെപ്പോലും ഇതുവരെ അംഗമായി ചേർത്തിട്ടില്ല. അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് പണം അനുവദിച്ചിട്ടില്ല, ഇവിടെയും അതിനുവേണ്ടി പണം ചെലവഴിച്ചിട്ടില്ലായെന്ന് കാണാൻ കഴിയും. മഹാഭൂരിപക്ഷം തൊഴിലാളികളും അസംഘടിത മേഖലയിലാണ്. അഭ്യന്തര ഉത്പാദനത്തിന്റെ 65 ശതമാനവും സംഭാവന ചെയ്യുന്നത് അസംഘടിത മേഖലയാണ്. നമ്മുടെ കയറ്റുമതി വരുമാനത്തിന്റെ 35 ശതമാനം അസംഘടിത മേഖലയിൽ നിന്നാ

ണ്. ഈ മേഖലയ്ക്ക് അർഹമായ ഒരു പരിഗണന കേന്ദ്രഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ കൊടുക്കുന്നില്ലായെന്ന് മനസ്സിലാക്കാൻ കഴിയും. ഇവിടെ ഗാർഹിക തൊഴിലാളികൾക്ക് വേണ്ടിയുളള ക്ഷേമനിധി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് നേരത്തേയൊരു നിയമം കൊണ്ടുവന്നിട്ടുണ്ട് ഇതേ വരെ നടപ്പിലാക്കി തുടങ്ങിയിട്ടില്ല. വീടുകളിൽ ജോലി ചെയ്യുന്ന, പല പേരുകളിലും അറിയപ്പെടുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. അവർക്ക് 130 രൂപ മിനിമം കൂലി പ്രഖ്യാപിച്ചിട്ടുണ്ട്. 130 രൂപ കൊണ്ട് എന്താണ് പ്രയോജനം; എങ്ങനെ ജീവിക്കാൻ കഴിയും? പക്ഷേ അതും എവിടെയും കൊടുക്കുന്നില്ല. ആ പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടുളള പ്രവർത്തനങ്ങൾ ഇനിയും പുനരാരംഭിക്കേണ്ടതായിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട സംഗതി മിനിമം കൂലിയുമായി ബന്ധപ്പെട്ടതാണ്. ക്ഷേമനിധിയുടെ കാര്യത്തിലെന്നതുപോലെത്തന്നെ ഏതാണ്ട് 77-ഓളം മേഖലകളിൽ മിനിമം കൂലി പ്രഖ്യാപിക്കുകയോ അത് പുതുക്കി നിശ്ചിയിക്കുകയോ ചെയ്തിട്ടുണ്ട്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സി. കൃഷ്ണൻ: പക്ഷേ അർഹതപ്പെട്ട തൊഴിലാളികൾക്ക് മിനിമം കൂലി ലഭിക്കുന്നില്ലായെന്നുളളത് ഒരു വസ്തുത മാത്രമാണ്. കാരണം പൊതുവിൽ എടുത്തുപറഞ്ഞാൽ തൊഴിലാളികളുടെ കൂലി ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു കുറഞ്ഞു വരുന്ന അവസ്ഥയാണ് നമ്മുടെ രാജ്യത്തുളളത്. തൊഴിലാളികളുടെ വേതനം, തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന, സൃഷ്ടിക്കുന്ന മൂല്യത്തിന്റെ 23 ശതമാനം ആയിരുന്നത് ഇക്കാലത്ത് പത്തു ശതമാനമായി കുറഞ്ഞുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതുപോലെതന്നെ ഉടമകളുടെ ലാഭം 30 ശതമാനം എന്നത് 60 ശതമാനമാനമായി

ഉയർന്നു. വേതനത്തിന്റെ ഘടനയുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്നത്, ഉടമകളുടെ ലാഭം കൂടുന്നു തൊഴിലാളികളുടെ വേതനത്തിന്റെ ഭാഗം കുറയുന്നുവെന്നുള്ളതാണ്. മിനിമം കൂലി നിരവധി മേഖലകളിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. സി. കൃഷ്ണൻ:</u> ആ മിനിമം കൂലി സംബന്ധിച്ചുള്ള നമ്മുടെ സങ്കൽപ്പത്തിൽത്തന്നെ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. ഏത് മേഖലയിൽ പണിയെടുക്കുന്നവർക്കും പതിനായിരം രൂപയും ഡി.എ.യും മിനിമം കൂലി പ്രഖ്യാപിക്കണമെന്നുള്ളത് എല്ലാ ട്രേഡ് യൂണിയനുകളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഇതുപോലുള്ള കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കേണ്ടതുണ്ട്. ഇ.എസ്.ഐ-യുടെ കാര്യത്തിൽ, മിനിമംകൂലിയുടെ കാര്യത്തിൽ, ക്ഷേമനിധിയുടെ കാര്യത്തിൽ, തൊഴിൽ സംരക്ഷിക്കുന്ന കാര്യത്തിലെല്ലാം അടിയന്തരനടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. കേരളത്തിൽ കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങൾക്കുള്ളിൽ ഞെട്ടിപ്പിക്കുന്ന ചില വിവരങ്ങൾ പുറത്തുവരികയുണ്ടായി. ഇവിടെ ടി.പി.ചന്ദ്രശേഖരൻ വധം .....

<u>മി. ചെയർമാൻ:</u> യെസ്,.... പ്ലീസ്,..... കൺക്ലൂഡ്

<u>ശ്രീ. സി. കൃഷ്ണൻ:</u> ടി.പി.ചന്ദ്രശേഖരൻ വധം വലിയ ആഘോഷമായി കൊണ്ടുപോകുന്ന ഈ സന്ദർഭത്തിൽ കെ.പി.സി.സി-യുടെ ജനറൽ സെക്രട്ടറിമാരിൽ ഒരാളായ ശ്രീ. കെ. സുധാകരൻ എം.പി യുടെ നടപടികളുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹത്തിന്റെ സന്തതസഹചാരിയായിരുന്ന പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തൽ ഞെട്ടലോടുകൂടിയാണ് നാം

കേട്ടത്. എന്ന് പറഞ്ഞാൽ, ഈ സഭയിലെ അംഗങ്ങളുൾപ്പെടെയുള്ള സി. പി.ഐ (എം)-ന്റെ മൂന്ന് ............

<u>മി. ചെയർമാൻ:</u> യെസ്,.... പ്ലീസ്, പ്ലീസ് രണ്ട് മിനിറ്റ് കൂടുതലായി.

<u>ശ്രീ. സി. കൃഷ്ണൻ:</u> നേതാക്കൻമാരെ കൊലപ്പെടുത്താൻ ക്വട്ടേഷൻ സംഘങ്ങളെ നിയോഗിച്ചത് സംബന്ധിച്ച് ശ്രീ. സുധാകരൻ എം.പി യുടെ പ്രശാന്ത് ബാബുവെന്ന സന്തസഹചാരിയുടെ വെളിപ്പെടുത്തൽ. അത് ഈ രാജ്യത്തുണ്ടാക്കിയിട്ടുളള അവസ്ഥ എന്താണെന്ന് നമ്മൾ ഓർക്കേണ്ടതായി ട്ടുണ്ട്. അവിടെ ട്രേഡ് യൂണിയൻ ഓഫീസുകൾക്കുനേരെയും തൊഴിൽശാല കൾക്ക് നേരെയുമെല്ലാം അക്കാലത്തു നടന്നിട്ടുളള നിരവധി സംഭവങ്ങൾ നമ്മുടെ ഓർമ്മയിലുളളതാണ്.

<u>മി. ചെയർമാൻ:</u> പ്ലീസ്,......പ്ലീസ്,..... കൺക്ലൂഡ്

<u>ശ്രീ. സി. കൃഷ്ണൻ:</u> ഇതിനെതിരെ ശക്തമായ നിലപാട് സ്വീക രിച്ചുകൊണ്ട് പോകേണ്ടതാണെന്ന്...

<u>മി. ചെയർമാൻ:</u> യെസ്,.... പ്ലീസ്,....പ്ലീസ്,.....ഞാൻ അടുത്ത ആളെ വിളിക്കും.

<u>ശ്രീ. സി. കൃഷ്ണൻ:</u> ഇതിനെതിരെ ശക്തമായ നിലപാട് സ്വീക രിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എ. പി. അബ്ദുളളക്കുട്ടി</u>: സർ, 2012-2013 സാമ്പത്തിക വർഷ ത്തിലേയ്ക്കുളള ബഡ്ജറ്റിലെ തൊഴിലും തൊഴിലാളിക്ഷേമവും സഹകര ണവും എന്ന ധനാഭ്യർത്ഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരുപാട് പരിണിതപ്രജ്ഞരായിട്ടുളള തൊഴിലാളി നേതാക്കളിരുന്ന കസേരയിലാണ് വളരെ ചെറുപ്പക്കാരനായ തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രിയായ

ശ്രീ. ഷിബു ബേബി ജോൺ ഇരിക്കുന്നത്. പരിചയം കുറവാണെങ്കിലും കഴിഞ്ഞ പന്ത്രണ്ട് മാസത്തിനുള്ളിൽ കേരളത്തിലെ തൊഴിൽമേഖലകളിൽ അദ്ദേഹത്തിന്റെ ഇടപെടൽ പ്രതിപക്ഷത്തിന്റെപോലും പ്രശംസ പിടിച്ചുപ റ്റുന്ന വിധത്തിലായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഒന്നാമത്, നാൽപ്പത് ലക്ഷത്തിലധികം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്ക് വേണ്ടി വേഴാമ്പലിനെ പോലെ കാത്തിരിക്കുന്നുണ്ട്. പക്ഷേ നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് ഒരുപാട് കുഴപ്പങ്ങളുണ്ട്. അത് മനസ്സിലാക്കിക്കൊണ്ട് അതിനെ employability centre ആക്കുക എന്ന ആശയം ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരികയും കമ്പ്യൂട്ടറൈസ്ഡ് പരിഷ്ക്കരണങ്ങളിലൂടെ കേരള ത്തിലെ പുതിയ തലമുറയ്ക്ക്, തൊഴിലില്ലായ്മ മാത്രമല്ല അവർ നേരിടുന്ന പ്രശ്നം, അവർക്ക് തൊഴിൽ അറിവില്ലായെന്ന വിഷയം മനസ്സിലാക്കി ക്കൊണ്ട് ആ വിഷയത്തിൽ ശക്തമായ ഇടപെടൽ നടത്തുന്ന ഒരു ഗവൺ മെന്റാണ്, ഒരു മന്ത്രിയാണ് ഇപ്പോഴുള്ളത്. അതിനെ ഞാൻ ആദ്യമായി അഭി നന്ദിക്കുകയാണ്. പ്രത്യേകിച്ച് അദ്ദേഹം ഇടപെട്ട ഒന്നുരണ്ടു മേഖലകൾ, ഒന്ന് നഴ്സിംഗ് ജോലി ചെയ്യുന്നവരുടെ പ്രശ്നം. ആ പ്രശ്നം പുറത്തുവന്ന പ്പോൾ അവർക്ക് മിനിമം കൂലിപോലും ഉണ്ടായിരുന്നില്ലെന്ന ഞെട്ടിപ്പിക്കുന്ന വിവരം നമ്മൾ മനസ്സിലാക്കി ഡോ. ബലരാമൻ കമ്മീഷൻ മുന്നോട്ടുവച്ച 18 നിർദ്ദേശങ്ങളിൽ 16-ഉം അംഗീകരിച്ചുകൊണ്ട് ആ മേഖലയിൽ കേരള ത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രശംസ പിടിച്ചുപറ്റുന്ന ശക്തമായ ഒരു ഇടപെടൽ ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അതുപോലെതന്നെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ തൊഴിലെടുക്കാൻ വരുന്നവരുടെ സ്ഥിതി

നമുക്കറിയാം. അവർ മരിച്ചാൽ പോലും അവരുടെ ബോഡി എവിടേയ്ക്കാണ് കൊണ്ടുപോകേണ്ടതെന്ന് അറിയാത്ത വിധത്തിൽ അവരുടെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമായിരുന്നു. അവരുടെ കൂലി, അവരുടെ താമസകേന്ദ്രങ്ങൾ അത്തരം പ്രശ്നങ്ങളിലെല്ലാം ഒരു ശക്തമായ ഇടപെടൽ ഈ വകുപ്പ് നടത്തിയിട്ടുണ്ടെന്നുളളത് വളരെ പ്രശംസാർഹമായിട്ടുള്ള കാര്യമാണ്. പക്ഷേ നമ്മുടെ തൊഴിൽമേഖലയും വ്യവസായ മേഖലയും മെച്ചപ്പെടണമെങ്കിൽ, കേരളത്തിന് ഇപ്പോഴുമുള്ള പ്രക്ഷോഭസൗഹൃദ സംസ്ഥാനമെന്നുള്ള പേരുദോഷം മാറ്റിയെടുക്കണം. കേരളം ഒരു നിക്ഷേപസൗഹൃദ സംസ്ഥാനമാണെന്ന് എത്രതന്നെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞാലും നമ്മളൊരു പ്രക്ഷോഭസൗഹൃദ സംസ്ഥാനമാണെന്നുള്ള തെറ്റിദ്ധാരണ ഇപ്പോഴുമുണ്ട്. നമുക്കറിയാം അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകളെല്ലാം ഹർത്താലിനും ബന്ദിനും അനാവശ്യ സമരങ്ങൾക്കുമായി ഒരുപാട് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. പ്രാദേശികമായി ഒരാൾ മരണപ്പെട്ടാൽ പോലും ഹർത്താലാണ്. അല്ലെങ്കിൽ ചെറിയ ഒരു സംഘർഷമുണ്ടായാൽ ഹർത്താലാണ്. അപ്പുറത്തും ഇപ്പുറത്തുമുളളവർ ഇത് വളരെ ഗൗരവത്തോടുകൂടി ആലോചിക്കേണ്ടതാണ്. നമ്മൾ ഇപ്പോൾ എമർജിംഗ് കേരള എന്നുപറയുന്ന ഒരു വലിയ പരിപാടിയിലേയ്ക്ക് കടന്നിരിക്കുകയാണ്. ആരോഗ്യകരമായ ഒരു തൊഴിൽ സംസ്ക്കാരം ഇവിടെ ഉണ്ടാക്കിയെടുക്കാൻ വേണ്ടി ഗവൺമെന്റ് മാത്രം വിചാരിച്ചാൽ പോരാ രാഷ്ട്രീയമായി നമ്മൾ എല്ലാവരും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. കാരണം കേരളം എന്നു പറയുന്ന സംസ്ഥാനത്തിന് ഒരുപാട് വികസന സാധ്യതകൾ ഉണ്ട്. ആ വികസന സാധ്യതകൾ, വളരെ എഡ്യൂക്കേറ്റഡ് ആയിട്ടുള്ള ഒരു തലമുറയാണ്. അതിനുപറ്റുന്ന തരത്തിൽ ഈ കേരളത്തെ പരുവപ്പെടുത്തണം. ഒരാൾക്കുപോലും ജോലി

കൊടുക്കാൻ പറ്റിയിട്ടില്ലായെന്ന് എനിക്കു മുമ്പ് പ്രസംഗിച്ച ശ്രീ. കൃഷ്ണൻ ഇവിടെ പറഞ്ഞു, അത് ശരിയല്ല. നിക്ഷേപക മിഷൻ എന്നു പറഞ്ഞുകൊണ്ട് ചെറുപ്പക്കാർക്ക് സ്വന്തമായി ചെറിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സംരഭക മിഷൻ എന്ന ഒരു പ്രഖ്യാപനം ഗവൺമെന്റ് നടത്തി. അതിലൂടെ അഞ്ഞൂറോളം യൂണിറ്റുകൾക്ക് വിദഗ്ദ്ധ പരിശീലനം നടത്തി ഗവൺമെന്റിന്റെ സബ്സിഡിയോടുകൂടി അവർ ചെറിയ ചെറിയ യൂണിറ്റുകൾ തുടങ്ങിയതായി ഈ ഒരു കൊല്ലത്തിനിടയിലുള്ള വിവരങ്ങൾ പഠിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഗവൺമെന്റിന്റെ സപ്പോർട്ട് ചെറിയതാണ്, എന്നാൽ സ്വകാര്യ സംരംഭം എന്ന നിലയിൽ നിരവധി സംരംഭങ്ങൾ വരുന്നുണ്ട്. നമ്മുടെ ഐ.ടി. പാർക്കുകളിലേയ്ക്ക് ഒരന്വേഷണം നടത്തിയാൽ ഒരു കാര്യം മനസ്സിലാക്കാൻ കഴിയും. ഇപ്പോൾ തിരുവനന്തപുരത്തെ ടെക്നോപാർക്കിലൊന്നും പുതിയ കമ്പനികൾക്ക് സ്പേയ്സ് ഇല്ല എന്നാണ് പറയുന്നത്. ലോകത്തിലെ കമ്പനികളെല്ലാം, ഐ.ടി. വിദഗ്ദ്ധന്മാരുടെ ഒരു പ്രധാന കേന്ദ്രം എന്ന നിലയിൽ അവരെല്ലാം കേരളത്തിലേക്ക് ഷിഫ്റ്റ് ചെയ്യുന്നു. യു.ഡി.എഫ്. ഗവൺമെന്റ് വന്നാൽ ഇവിടത്തെ അന്തരീക്ഷം ആകെ മാറും എന്നുള്ള പ്രതീക്ഷയിലേയ്ക്ക് സംഭരകരെല്ലാം കേരളത്തിലേക്ക് വരാൻ കാത്തിരിക്കുന്ന ഒരന്തരീക്ഷം ഇപ്പോൾ ഉണ്ട് എന്നുള്ളതാണ് വസ്തുത. മാത്രവുമല്ല നമ്മുടെ സർക്കാർ തന്നെ പത്തുമുപ്പത്താറായിരം ആളുകൾക്ക് ഈ കാലയളവിൽ പുതുതായി ജോലി കൊടുത്തിട്ടുണ്ട് എന്നുകൂടി ഇവിടെ മനസ്സിലാക്കേണ്ടതുണ്ട്. ആ വിധത്തിൽ കേരളത്തിലെ തൊഴിൽ മേഖലകളിൽ ഒരു പുതിയ അന്തരീക്ഷം ഉണ്ടായിട്ടുണ്ട്. അതിന് വളരെ ചടുലതയോടുകൂടി നേതൃത്വം നൽകുന്ന മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ, ഒരുപാട് സ്വകാര്യ കമ്പനി

കളെ കൊണ്ടുവന്ന് റിക്രൂട്ട് ചെയ്യുന്ന ചെറിയ ഒരു പരിപാടി എം.എൽ.എ. എന്ന നിലയിൽ അദ്ദേഹം അവിടെ നടത്തി. അങ്ങു നടപ്പിലാക്കിയ ആശയം കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിച്ചുകൊണ്ട്, കമ്പനി കളെ കൊണ്ടു വന്ന് നമ്മുടെ കുട്ടികളെ റിക്രൂട്ട് ചെയ്യുന്ന രീതിയിലുള്ള ഒരു പരിപാടി സംഘടിപ്പിക്കണം. അത് കേരളം മുഴുവൻ ഗവൺമെന്റ് പരി പാടിയായി വ്യാപിപ്പിക്കണമെന്നുകൂടി പറയാൻ ഉദ്ദേശിക്കുകയാണ്. മറ്റൊന്ന് സഹകരണമേഖലയെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. സഹക രണ രംഗത്തെ നമ്മുടെ മന്ത്രി വളരെ ശാന്തനാണെങ്കിലും അദ്ദേഹം സഹക രണ രംഗത്തെ രാജാവാണെന്ന് നമുക്കറിയാം. പ്രൈമറി സംഘം മുതൽ സംസ്ഥാന സഹകരണ ബാങ്കുവരെ എല്ലാ മേഖലകളിലും പ്രവർത്തിച്ചു പരിചയമുള്ള ഒരാളാണ്. അദ്ദേഹം പതിറ്റാണ്ടുകളോളം ജില്ലാ ബാങ്കിന്റെ പ്രസിഡന്റായിരുന്നു. കേരളത്തിലെ സഹകരണ രംഗത്ത് ഇന്ന് സംഘർഷ ത്തിന്റെ ഒരവസ്ഥയല്ല, മറിച്ച് സഹകരണരംഗത്ത് സൗഹൃദത്തിന്റെ ഒരു അന്തരീക്ഷമാണുള്ളത്. കണ്ണൂരിൽ സഹകരണ സ്ഥാപനങ്ങൾ കൂടുതലും സി.പി.ഐ.(എം)-ന്റെ കയ്യിലാണ്. എന്നിട്ടുകൂടി എല്ലാവരേയും സഹകരിപ്പി ച്ചുകൊണ്ടുപോകുന്ന, ഒരുപക്ഷേ ഖാദിരംഗത്ത് വളരെക്കാലം പ്രവർത്തിച്ച ഒരു പരിചയം വച്ചുകൊണ്ട് അദ്ദേഹം എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ട് നമ്മുടെ സഹകരണരംഗത്തെ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സ്ഥിതിവി ശേഷം ഇന്നുണ്ട്. അതുപോലെ തന്നെ കേന്ദ്രഗവൺമെന്റ് ഇപ്പോൾ 111-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഈ സഹകരണ വകുപ്പിനെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി. സത്യത്തിൽ അത് വളരെ നല്ലതാണ്. ഈ രംഗത്ത് ഒരുപാട് കുത്തഴിഞ്ഞ അവസ്ഥയുണ്ട്. പല സഹകരണ സ്ഥാപനങ്ങളു ടെയും അവസ്ഥ നമുക്കറിയാം. സംസ്ഥാനത്തിന്റെയും കേന്ദ്രഗവൺമെന്റി

ന്റെയും ശക്തമായ ഒരു ഇടപെടൽ ഉണ്ടാകുന്ന ആരോഗ്യകരമായ സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതിനുപറ്റുന്ന ഒരു ഓർഡിനൻസ് ഈ ഗവണമെന്റ് കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ ഫലമായി സഹകരണ ജനാധിപത്യം, സഹകരണ രംഗത്ത് ഒരു നല്ല അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ സാധിച്ചിട്ടുണ്ട് എന്നാണ് എനിക്ക് പറയാനുളളത്. നമ്മുടെ നാട്ടിൽ പതിനാലായിരത്തോളം സഹകരണ സ്ഥാപനങ്ങളുണ്ട്. പക്ഷേ 1060 ആളുകൾക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിട്ടുളളു. ഇപ്പോൾ എല്ലാ ആളുകൾക്കും, പതിനാലായിരം സ്ഥാപനങ്ങൾക്കും അംഗത്വം ഉളള വിധത്തിൽ ഈ സഹകരണ ജനാധിപത്യത്തെ കുറേക്കൂടി വിപുലമാക്കിയ ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻ ചാണ്ടി നയിക്കുന്ന സർക്കാർ. ആ സർക്കാരിന്റെ സഹകരണ നയം വളരെ ആരോഗ്യകരണമാണ്. അത് ശക്തമായി മുന്നോട്ടുകൊണ്ടുപോയി കുറേക്കൂടി വൈവിധ്യവൽക്കരണത്തിലൂടെ ഈ മേഖലയെ പ്രൊഫഷണൽ ടച്ചുളള സ്ഥാപനമാക്കി മാറ്റി എടുക്കാൻ അടിമുടി ശ്രമിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് പറയാനുളളത്. തീരെ പ്രൊഫഷണലിസം ഇല്ലാത്തതിന്റെ ഒരുദാഹരണം ഞാൻ പറയാം. റബ്കോ എന്നു പറയുന്ന സ്ഥാപനം, 2010-2011 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് റബ്കോ 350 കോടി രൂപ കടത്തിലാണ്. റബ്കോ കടത്തിലാണ് എന്നു മാത്രമല്ല റബ്കോ ഉണ്ടാക്കിയ കെടുകാര്യസ്ഥതയുടെ ഫലമായി സംസ്ഥാന ബാങ്ക് കൺസോർഷ്യം നൽകിയിട്ടുളള 179.8 കോടി രൂപ കടം എടുത്ത് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ, വിശേഷിച്ച് കണ്ണൂരിലെ നിരവധി ബാങ്കുകളെ അത് കടത്തിലാക്കിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് വളരെ ഗൗരവത്തോടുകൂടി നമ്മളാലോചിക്കണം. രാഷ്ട്രീയത്തിനപ്പുറത്ത് നമ്മളാലോചിക്കണം. ഇപ്പോൾ

റബ്കോ തുടങ്ങി, റബ്കോയുടെ വിശദാംശങ്ങൾ – 16 കോടി രൂപ ഷെയർ, സർക്കാരിൽ നിന്ന് 14 കോടിരൂപ, സർക്കാരിൽ നിന്ന് കടം എടുത്തത് 94 കോടിരൂപ. അങ്ങനെ സർക്കാരിന്റെ മൊത്തം സഹായത്തോടുകൂടി സ്ഥാപിച്ചിട്ടുളള ആ സ്ഥാപനത്തിന്റെ സ്ഥിതി എന്താണ്? എന്താണ് നമ്മൾ ചെയ്യേണ്ടത്? ഇങ്ങനെ ഒരു കെടുകാര്യസ്ഥതയെ നമ്മൾ കയ്യും കെട്ടി നോക്കി നിൽക്കുകയാണോ വേണ്ടത്. ഒരു സംസ്ഥാനത്തിന്റെ താൽപ്പര്യം എന്നുളള നിലയിൽ നമ്മൾ ഇ. നാരായണൻ എന്ന വ്യക്തിക്ക് എന്തും ചെയ്യാൻ പറ്റുന്ന നിലയിലേക്ക് ഒരു സ്ഥാപനം മാറാൻ പാടുണ്ടോ? ഇപ്പോൾ നമുക്കറിയാം......(തടസ്സം).....ഞാൻ പറയുന്ന പോയിന്റ് കേട്ടിട്ട് നിങ്ങൾ പ്രതികരിക്കണം. അതായത് ഏതു സ്ഥാപനത്തിലും ജോലി കൊടുക്കുക ഒന്നുകിൽ പി. എസ്.സി. വഴി ആയിരിക്കും. അല്ലെങ്കിൽ സർക്കാർ വഴി ആയിരിക്കും അല്ലെങ്കിൽ ഏതെങ്കിലും ഏജൻസി വഴി ആയിരിക്കും. ഇവിടെ ആയിരം ആളുകൾ പണി എടുക്കുന്നുണ്ട്. ഈ ആയിരം ആളുകളും ഇ. നാരായണന് തോന്നിയ ആളുകളെ അവിടെ നിയമിച്ചതാണ്. അവിടെ ശമ്പളം കൊടുക്കുന്നത് സർക്കാർ ശമ്പളമല്ല, പ്രൈവറ്റ് ശമ്പളമല്ല. അവിടെ കൊടുക്കുന്ന ശമ്പളത്തെക്കുറിച്ച് കേട്ടാൽ നമ്മൾ ഞെട്ടിപ്പോകും. ആയിരം ആളുകൾക്കും ഒരാനുകൂല്യവും ഇല്ല. അവർ അടിമകളെപ്പോലെ പണിയെടുക്കേണ്ട സ്ഥിതിയാണ്. അവർക്ക് ചോദിക്കാനും പറയാനും പറ്റുന്ന, ആ വിധത്തിൽ ഒരു സ്ഥാപനം. നിങ്ങൾ നോക്കൂ, റബ്കോ എന്നു പറയുന്ന സ്ഥാപനത്തിന്റെ ഹെഡ് ക്വാർട്ടേഴ്സ് കണ്ണൂർ നഗരത്തിൽ മൂന്ന് ഏക്കർ സ്ഥലത്ത് 14 നിലയുളള ഒരു കെട്ടിടമാണ്. ആ കെട്ടിടത്തിന് എട്ടു കോടിരൂപയാണ് ചെലവാക്കിയിട്ടുളളത്. നിങ്ങൾ മനസ്സിലാക്കണം. ടാറ്റയും റിലയൻസും, അവരുടെ പല ഹെഡ് ക്വാർട്ടേഴ്സുകളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

അവർക്ക് ലാഭം ഇല്ലാഞ്ഞിട്ടല്ല. കണ്ണൂരിൽത്തന്നെ മലയാള മനോരമയും മാതൃഭൂമിയും, രണ്ട് കമ്പനികൾ, വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അവർക്ക് കാശില്ലാഞ്ഞിട്ടല്ല. പക്ഷേ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതാണ് ലാഭം. അതാണ് ബിസിനസ് മാനേജ്മെന്റിന്റെ പുതിയ ശൈലി. പക്ഷെ ഇ. നാരായണൻ ബാലാരിഷ്ടത മാറുന്നതിനുമുമ്പ് ആദ്യം ചെയ്തത് 14 നിലയുള്ള ഹെഡ്ക്വാർട്ടേഴ്സാണ്. എന്ത് ബിസിനസ് മാനേജ്മെന്റ് ശാസ്ത്രമാണ് ഇതെന്ന് നമ്മൾ പരസ്പരം ചിന്തിക്കേണ്ട കാര്യമാണ്. ശരിയാണ്, ഇ. നാരായണന് വലിയ വിദ്യാഭ്യാസം ഇല്ല. പക്ഷേ അങ്ങനെയുള്ള ഒരാൾ ഒരു കൺസ്ട്രക്ഷൻ നടത്തി അതിൽ നിന്ന് കുറച്ച് കമ്മീഷൻ ഉണ്ടാക്കുക എന്നുള്ള നിലയിലേക്ക്......., ആ റബ്കോ എന്നു പറയുന്ന സ്ഥാപനം കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന ഒരു ക്വട്ടേഷൻ സംഘമായി മാറിക്കൊണ്ടിരിക്കുന്നു എന്ന് നമ്മൾ മനസ്സിലാക്കണം. അതിനെ നിയന്ത്രിക്കാൻ ശ്രമിക്കണം. ഇക്കാര്യം പറയുമ്പോൾ കോൺഗ്രസ് നടത്തുന്ന ചില സ്ഥാപനങ്ങൾ ഇങ്ങനെ ആയിട്ടുണ്ട് എന്ന് പറയും. ഇപ്പോൾ അഗ്രി ഇൻകോ എന്നു പറയുന്ന സ്ഥാപനം - 10 കോടി രൂപ അവരും കടമാക്കിയിട്ടുണ്ട്. കോൺഗ്രസ്-സി.പി.ഐ(എം) എന്നൊന്നുമില്ല. ഈ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യമെടുക്കണം. ഏതു സഹകരണത്തിന്റെ പേരിലായാലും അത് ഏതു രാഷ്ട്രീയത്തിന്റെ പേരിലായാലും ഈ കേരളത്തിലെ ഖജനാവ് കൊള്ളയടിച്ചുകൊണ്ട് ഈ വിധത്തിൽ പോകുന്നതിനെ ശക്തമായി തടയാൻ നമ്മുടെ ഗവൺമെന്റിന് സാധിക്കണം. ഇതിൽ വേണമെങ്കിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും പരസ്പരം ഇരുന്നുകൊണ്ട്, കോൺഗ്രസ് നടത്തുന്നതുണ്ടാകും ലീഗ് നടത്തുന്നതുണ്ടാകും സി.പി. ഐ(എം) നടത്തുന്ന സ്ഥാപനമുണ്ടാകും- ഏതെങ്കിലും സ്ഥാപനങ്ങൾ

തെറ്റായിപ്പോകുന്നുണ്ടെങ്കിൽ അത് ഒരു സഹകരണ പ്രസ്ഥാനത്തിന്റെ പാരമ്പര്യത്തിന് ചേരുന്ന വിധത്തിലുള്ളതല്ല. നമുക്കറിയാം നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പഴയ ഐക്യ നാണ്യ സംഘം എന്ന നിലയിൽ വളർന്നു വന്ന പ്രസ്ഥാനങ്ങളാണ് സഹകരണ പ്രസ്ഥാനങ്ങൾ. ആ സഹകരണ പ്രസ്ഥാനങ്ങൾ ഗവണമെന്റിനേക്കാളും ജനങ്ങൾക്ക് വിശ്വാസമുണ്ടായതാണ്. ആ സ്ഥാപനമാണ് റബ്കോ എന്ന പേരിൽ..........., റെയ്ഡ്കോയുടെ സ്ഥിതി എന്താണെന്നറിയാമോ? 14 കോടി രൂപ നഷ്ടത്തിലാണ്. നിങ്ങൾക്കറിയാമോ കണ്ണൂരിൽ റെയ്ഡ്കോ ഉണ്ടായിട്ട് പത്തു നാൽപ്പത് കൊല്ലമേ ആയിട്ടുള്ളു. കണ്ണൂരിലാണ് അതിന്റെ ഹെഡ് ക്വാർട്ടേഴ്സ്. ആ കെട്ടിടം ഉണ്ടാക്കിയിട്ട് ഇപ്പോൾ 25 കൊല്ലമേ ആയിട്ടുള്ളു. അത് പൊളിച്ചിട്ടിപ്പോൾ പുതിയ ഹെഡ് ക്വാട്ടേഴ്സ് കെട്ടിടം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും ചോദിക്കാനും പറയാനും ഇവിടെ ആളില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഞാൻ മനസ്സിലാക്കയത് രജിസ്ട്രാറുടെ അംഗീകാരം ഇല്ലാതെ പുതിയ കെട്ടിടം ഉണ്ടാക്കാൻ പറ്റില്ല എന്നാണ്. എങ്ങനെയാണ് ഈ നഷ്ടത്തിലുള്ള ഈ റെയ്ഡ്കോയ്ക്ക് ഇങ്ങനെ കണ്ണൂരിൽ കൺസ്ട്രക്ഷൻ നടത്താൻ വേണ്ടി, ഇത്തരം ഒരു കെട്ടിട സമുച്ചയം ഉണ്ടാക്കാൻ വേണ്ടി ആരാണ് അംഗീകാരം കൊടുത്തിട്ടുള്ളത്. ഇവിടെ ചോദിക്കാനും പറയാനും ആളില്ലാത്ത സ്ഥിതിയാണ് പരിശോധിക്കേണ്ടതുണ്ട്.. അതുകൊണ്ട് സഹകരണ രംഗത്തെ ഈ കെടുകാര്യസ്ഥതയ്ക്കെതിരായിട്ടുള്ള അതിശക്തമായ വികാരം സഹകാരികൾക്കുണ്ട്. സത്യത്തിൽ ഒരുപാട് ബാങ്കുകൾ ഇതിന് ലോൺ കൊടുത്ത് അവരൊക്കെ ബുദ്ധിമുട്ടിലായിരിക്കുകയാണ്. അതുകൊണ്ട് ആ വിഷയത്തിൽ ശക്തമായി ഇടപെടണം. . അത് കോൺഗ്രസ് നടത്തുന്നതായാലും സി.പി.ഐ(എം.) നട

ത്തുന്നതായാലും ഏതു രാഷ്ട്രീയ പാർട്ടി നടത്തുന്നതായാലും അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനും ശക്തമായി ഇടപെടാനും അല്ലെങ്കിൽ അത് പിരിച്ചുവിടാനുമുളള ഒരു ......

ശ്രീ. പി.സി. ജോർജ്: കോട്ടയം ജില്ലയിലെ ഇളങ്കുളം ബാങ്ക്, യഥാർത്ഥത്തിൽ അതിന്റെ പ്രസിഡന്റ് കമ്മ്യൂണിസ്റ്റുകാരനായ നല്ല മര്യാദ ക്കാരനായ മനുഷ്യനായിരുന്നു. അദ്ദേഹം മരിച്ചുപോയി. ആ ബാങ്കിൽ നിന്ന് ഇതുപോലെ കോടികൾ തട്ടിയ മാന്യന്മാർ ഇപ്പോഴും നേതാക്കന്മാരായി കോട്ടയം ജില്ലയിൽ നടക്കുന്നുണ്ട് എന്നുളളത് അറിയാമോ?

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: എല്ലാ ജില്ലയിലും നടക്കുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് ചർച്ച നടത്തണം. ഈ നാട്ടിലെ സഹകാരികളെന്ന് പറയുന്നത് പാവപ്പെട്ട ജനങ്ങളാണ്. അവരുടെ നിക്ഷേപമാണ് സഹകരണ സ്ഥാപനങ്ങളിലുള്ളത്. അതിലൂടെയാണ് ഈ സ്ഥാപനം ഉണ്ടായിട്ടുള്ളത്. അത് കെടുകാര്യസ്ഥതയിലേയ്ക്ക് പോകാൻ പാടില്ല.

മി. ചെയർമാൻ: അങ്ങ് ചുരുക്കണം, മൂന്ന് മിനിട്ടായി. പ്ലീസ്...

ശ്രീ. സി.പി. മുഹമ്മദ്: ഇ.പി. ജയരാജൻ പാർട്ടിയുടെ കണ്ണൂർ ജില്ലാ സെക്രട്ടറിയായിരിക്കുമ്പോൾ ബെർലിൻ കുഞ്ഞനന്തൻ നായർ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയതാണ് മൊയ്തു പാലത്തിന്റെ അപ്പുറം വേറൊരു ജില്ലയാണ് അവിടെ നാരായണനാണ് ഭരിക്കുന്നത് എന്ന് അദ്ദേഹം പറഞ്ഞ തായി അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: ഇ. നാരായണൻ എന്ന് പറയുന്നത് ഒരു വലിയ വടവൃക്ഷമായി അത് സി.പി.എം.-നുതന്നെ.........

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. പ്ലീസ് ...പ്ലീസ്. അബ്ദുള്ളക്കുട്ടീ... പ്ലീസ് കൺക്ലൂഡ്

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> ഒരു ഭീഷണിയായി വളർന്നുകൊണ്ടിരിക്കുകയാണെന്നാ ഞാനും പറഞ്ഞു വരുന്നത്.

<u>മി. ചെയർമാൻ:</u> പ്ലീസ് ...പ്ലീസ്. അബ്ദുള്ളക്കുട്ടീ... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> പ്രവാസി.........

<u>ശ്രീ. സാജു പോൾ:</u> സർ, റൂൾ 285 പോയിന്റ് ഓഫ് ഓർഡർ. സർ, റൂൾ 285 പ്രകാരം ഒരാൾക്ക് എതിരെയുള്ള ആരോപണം സംബന്ധിച്ച നടപടിക്രമം സ്പീക്കർക്കും ഉത്തരത്തിനുവേണ്ടിയുള്ള സംഗതിയെപ്പറ്റി അന്വേഷണം നടത്തുവാൻ മന്ത്രിക്കും സാധിക്കത്തക്കവണ്ണം ബന്ധപ്പെട്ട മന്ത്രിക്കും മുൻകൂട്ടി നോട്ടീസ് നൽകാത്തപക്ഷം ഒരംഗം ഏതെങ്കിലും ആളെപ്പറ്റി അപകീർത്തിപരമോ കുറ്റം ചുമത്തുന്നതോ ആയ യാതൊരാരോപണവും കൊണ്ടുവരാൻ പാടില്ലായെന്ന് ചട്ടത്തിൽ പറയുന്നുണ്ട്. ഇവിടെ ഈ സഭയിൽ അംഗമല്ലാത്ത ......(ബഹളം).... ഞാൻ പറയട്ടെ. ... .....(ബഹളം)...... ഞാനല്ലേ, സംസാരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോടാണ് ചോദിക്കുന്നത്. ശ്രീ. സി.പി. മുഹമ്മദിനോടല്ല. അദ്ദേഹം എല്ലാത്തിന്റേയും അവസാന വാക്കൊന്നും അല്ലല്ലോ? ഈ സഭയിൽ അംഗമല്ലാത്ത ഒരാളെപ്പറ്റി പരാമർശിക്കുന്നത് ജനാധിപത്യ വിരുദ്ധമായ ഒരു കാര്യമാണ്, അത് നിൽക്കട്ടെ. ഇത്തരത്തിൽ ഒരാരോപണം രേഖാമൂലം എഴുതിത്തരാതെ ഇങ്ങനെ ഇവിടെ കാടടച്ച് വെടിവയ്ക്കുന്ന രീതിയിൽ ഒരാളെക്കുറിച്ച്, കേരളത്തിലെ ഒരു പ്രമുഖ സഹകാരിയെപ്പറ്റി ഇങ്ങനെ പറയുന്നത് ഓർഡറിലാണോ സാർ. അത് സംബന്ധിച്ച് വ്യക്തമായ റൂളിംഗ് നൽകണം സാർ.

<u>മി. ചെയർമാൻ:</u> അത് പരിശോധിച്ച് പിന്നീട് പറയുന്നതാണ്. You can continue.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> സാർ ഞാൻ ആ സ്ഥാപനത്തെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഞാൻ വ്യക്തികളെക്കുറിച്ചല്ല. അതിന്റെ ചെയർമാൻ എന്ന നിലയിൽ ഇ. നാരായണനെക്കുറിച്ച് പറഞ്ഞു എന്നേയുള്ളൂ. സർ, പ്രവാസികാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം.

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്. 4 മിനിട്ടായി.......പ്ലീസ്. കൺക്ലൂഡ്

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> പ്രവാസികൾക്ക്, ഗൾഫിൽ, വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രവാസികൾ പയുന്നത് മറ്റ് പല രാജ്യങ്ങളിൽ, മലേഷ്യ ആയാലും പാക്കിസ്ഥാനായാലും ഫിലിപ്പൈൻസായാലും വിദേശ രാജ്യങ്ങളിൽ ബിസിനസ് നടത്തുന്നതിനുവേണ്ടിയുള്ള സഹായം ആ രാജ്യത്തെ ഗവണ്മെന്റുകൾ കൊടുക്കുന്നു. നമ്മുടെ പ്രവാസികൾക്ക് ഗൾഫ് നാടുകളിൽ എന്തെങ്കിലും ഇൻവെസ്റ്റ്മെന്റോ ചെറിയ കാര്യങ്ങളോ തുടങ്ങുന്നതിന്.....

<u>മി. ചെയർമാൻ:</u> പ്ലീസ് കൺക്ലൂഡ്. പ്ലീസ് ...പ്ലീസ്.

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി:</u> ഒരു സഹായം നൽകാൻ ഗവണ്മെന്റിന് സാധിക്കുമോ എന്നുള്ള ഒരു നിർദ്ദേശംകൂടി വച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ ആത്മാർത്ഥമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള തൊഴിലും തൊഴിലാളിക്ഷേമവും സഹകരണവും അടക്കമുള്ള ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. ഏറ്റവും അധികം സഹകരണ മേഖല വളർച്ച പ്രാപിച്ച ഒരു സംസ്ഥാനമാണ് കേരളം. ക്രെഡിറ്റ് മേഖല, ഉത്പാദന മേഖല, വിപണന സംഭരണ മേഖല എന്നിവയെല്ലാം ഇന്ന് ശക്തമായി കേരളത്തിൽ നിലനിൽക്കുന്നത് കാണാൻ കഴിയും. ആതുര സേവ

നവും ടൂറിസവും ഇന്ന് സഹകരണ മേഖലയിലുണ്ട്. വളരെയേറെ വളർച്ച നേടിയത് ക്രെഡിറ്റ് മേഖലയാണ്. ഷെഡ്യൂൾഡ് ബാങ്കുകളെക്കാൾ മെച്ച പ്പെട്ട നിലയിൽ സഹകരണ ബാങ്കുകൾ ഇന്നിവിടെ പ്രവർത്തിക്കുന്നുണ്ട്. സഹകരണ ബാങ്കുകളിൽ നല്ല നിക്ഷേപമുണ്ട്. ഈ നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഉപജ്ഞാതാവ് സഖാവ് ഇ. ചന്ദ്രശേഖരൻ നായരായിരുന്നു. 1970-കളിൽ സി.പി.ഐ. പ്രിതനിധിയായിരുന്ന സഖാവ് ഇ. ചന്ദ്രശേഖരൻ നായർ സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റ് ആയിരുന്നപ്പോൾ ആരംഭിച്ച നിക്ഷേപ സമാഹരണ പരിപാടിയാണ് സഹകരണ ബാങ്കുകളെ ശക്തമാക്കിയത്. ഇന്ന് ഏതാണ്ട് അറുപതിനായിരം കോടിയോളം നിക്ഷേപം സഹകരണമേഖലയിൽ ഉണ്ടെന്നാണ് കരുതുന്നത്. എന്നാൽ, ഒട്ടേറ പ്രശ്ന ങ്ങളും പ്രതിസന്ധികളും ഈ രംഗത്തെ തുറിച്ചുനോക്കുന്നത് നമുക്ക് കാണാൻ കഴിയും. കടുത്ത വെല്ലുവിളികൾ ഈ രംഗം നേരിടുന്നുണ്ട്. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും ഭരണസമിതിയെ ഈ സർക്കാർ അധികാരത്തിൽ വന്ന ഉടനെ പിരിച്ചുവിട്ടു. സങ്കുചിത രാഷ്ട്രീയ താത്പര്യങ്ങൾക്കായി ജനാധിപത്യപരമായി തെരഞ്ഞെ ടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിടുന്ന നടപടി അവസാനിപ്പിക്കണം. ഉദ്യോഗസ്ഥൻമാരെ അഡ്മിസിസ്ട്രേറ്റർമാരാക്കി ജനാധിപത്യ ഭരണസംവി ധാനത്തെ തകർക്കുന്ന രീതി ഇനി ഉണ്ടാകാൻ പാടില്ല. വിദേശ മലയാളിക ളുടെ നിക്ഷേപം നാഷണലൈസ്ഡ് ബാങ്കുകൾക്ക് ലഭിക്കുന്നു എന്ന് നമുക്ക റിയാം. എന്നാൽ ഈ പണം നമ്മുടെ നാടിന്റെ വികസന പ്രവർത്തനത്തിന് പലപ്പോഴും വിനിയോഗിക്കാൻ കിട്ടുന്നില്ല. അത് മറ്റ് പല മേഖലകളി ലേയ്ക്കുമാണ് അവർ നൽകുന്നത്. സഹകരണ ബാങ്കിലെ നിക്ഷേപം മുഴു

വൻ നാട്ടിൽത്തന്നെ വിനിയോഗിക്കുകയാണ്. അതുകൊണ്ട് സഹകരണ മേഖലയ്ക്ക് എൻ.ആർ.ഐ. അക്കൗണ്ട് തുടങ്ങാനും, ഡി.ഡി. ആയി പണം ഇവിടെ ലഭ്യമാക്കാനും --ഇന്ന് സംസ്ഥാന സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്കുകൾക്കും അതിന് അധികാരമുണ്ട് --പ്രൈമറി ബാങ്കു കൾക്കുകൂടി ഈ സൗകര്യമുണ്ടാക്കാൻ ആവശ്യമായ വിധത്തിൽ നിയമം ഭേദഗതി ചെയ്യേണ്ടത് ഈ സാഹചര്യത്തിൽ ആവശ്യമാണ്. പല പ്രയാസ ങ്ങളും നേരിടുമ്പോഴാണ് കൂനിന്മേൽ കുരുപോലെ വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നമ്മുടെ സർക്കാർ അംഗീകരിച്ചത്. ഭരണഘടനാ ഭേദഗതി പാർലമെന്റിൽ കൊണ്ടുവന്നതുപോലും ഇതിന്റെ ഭാഗ മായിട്ടാണ്. പ്രൊഫസർ വൈദ്യനാഥൻ ഇന്ത്യയിൽ എട്ട് സംസ്ഥാനങ്ങളിൽ സന്ദർശനം നടത്തിയതായിട്ടാണ് പറയുന്നത്. സഹകരണ മേഖല ഏറ്റവും ശക്തമായ കേരളത്തിൽ മാത്രം അദ്ദേഹം വന്നില്ല. ആ കമ്മിറ്റി രൂപീകരിച്ച സബ് കമ്മിറ്റികളും പല സ്ഥലങ്ങളിലും സന്ദർശനം നടത്തുകയുണ്ടായി. അവർ സിറ്റിംഗ് നടത്തുകയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തു. എന്നാൽ അവരും കേരളത്തിൽ വന്നിട്ടില്ല. എന്നാൽ കേരളത്തിന് ദോഷകര മായ ശുപാർശ അവർ നൽകുകയും ചെയ്തു. ബാങ്ക് അംഗങ്ങ ളിൽനിന്നുമാത്രമേ നിക്ഷേപം സ്വീകരിക്കാവൂ എന്നും ചെക്ക് ഉപയോഗിച്ച് പണം പിൻവലിക്കുന്ന സമ്പ്രദായം പാടില്ലെന്നും കമ്മീഷൻ ശുപാർശ ചെയ്തു. കേരളത്തിലെ സഹകരണ ബാങ്കുകളുടെ നട്ടെല്ല് തകർക്കുന്ന ഈ ശുപാർശ സർക്കാർ അംഗീകരിക്കാൻ പാടില്ല എന്നാണ് എന്റെ അഭ്യർത്ഥന. ജീവനക്കാരെ ബാധിക്കുന്ന ഗുരുതരമായ ഒരു പ്രശ്നവും ഈ ശുപാർശ യിലുണ്ട്. അവരുടെ സേവന വേതന വ്യവസ്ഥയെ കാറ്റിൽ പറത്തുന്ന സമീ പനമാണ് ഈ ശുപാർശയിലുള്ളത്. അവരുടെ ജോലി സുരക്ഷിതത്വം

പോലും ഇല്ലാതാക്കുന്ന വ്യവസ്ഥയും അതിനകത്ത് കാണുന്നുണ്ട്. ഇത് പാടില്ലാത്തതാണ്. ഇത്തരം പ്രശ്നങ്ങൾ ജീവനക്കാരുടെ സംഘടനയുമായും സഹകരണ രംഗത്ത് പ്രവർത്തിക്കുന്നവരുമായും ചർച്ച ചെയ്യാനും ആശങ്കയകറ്റാനും ആവശ്യമായത് ചെയ്യാൻ ശ്രമിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഉത്പാദന മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട സന്ദർഭമാണിത്. പച്ചക്കറി കൃഷിയും നെൽകൃഷിയും പുഷ്പകൃഷിയും പ്രത്സാഹിപ്പിക്കുന്ന സന്ദർഭത്തിൽ, സഹകരണ രംഗത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ കൂടി ആരംഭിക്കാൻ കഴിയണം. ജീവൻരക്ഷാ മരുന്നുകൾ മിതമായ വിലയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മാർക്കറ്റിംഗ് സൊസൈറ്റികളിൽ കൂടുതൽ ഉത്പ്പന്നങ്ങൾ സംഭരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. അതിനാവശ്യമായ പണം സർക്കാർ അവർക്ക് നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. ഡിപ്പാർട്ടുമെന്റിന്റെ അനാവശ്യമായ ഇടപെടലുകൾ അവസാനിപ്പിക്കണം. സഹകരണ രംഗത്തുണ്ടാകുന്ന വളരെ പ്രധാനപ്പെട്ട വിഷയമാണിത്. സംഘം രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ കൃത്യസമയത്ത് ഫലപ്രദമായി ഓഡിറ്റ് നടത്തുന്നതിലായിരിക്കണം ഡിപ്പാർട്ടുമെന്റ് പ്രത്യേകം ശ്രദ്ധിക്കേണ്ടത്. അക്കാര്യത്തിൽ ആർക്കും തർക്കമില്ല. എന്നാൽ തെരഞ്ഞെടുപ്പ്, സംഘത്തിന്റെ ദൈനംദിന പ്രവർത്തനം തുടങ്ങിയവയിലൊന്നും ഡിപ്പാർട്ടുമെന്റിന്റെ കൈകടത്തൽ പാടില്ല. തെരഞ്ഞെടുക്കപ്പെടുന്നവരെ ഭരിക്കാൻ അനുവദിക്കണം. സർക്കിൾ സഹകരണ യൂണിയന്റെ പേരിൽ നടക്കുന്ന അനാവശ്യമായ പിരിവുകളിൽനിന്നും സംഘങ്ങളെ രക്ഷിക്കണം. ഗൗരവതരമായ മറ്റ് ചില പ്രശ്നങ്ങൾകൂടി കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി നമ്മുടെ മാദ്ധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. .ചില്ലറ വിൽപന മേഖല

യിൽ വിദേശ നിക്ഷേപം വരുന്നതിന് സംസ്ഥാന സർക്കാർ പച്ചക്കൊടി കാണിച്ചതായി വന്ന വാർത്ത ശരിയാണോ എന്നറിയാൻ താത്പര്യമുണ്ട്. അത് കേരളത്തിലെ 16 ലക്ഷം വരുന്ന ചെറുകിട കച്ചവടക്കാരുടെ നില നിൽപ്പിനെ ബാധിക്കുന്ന വിഷയാണ്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ ഗുണ മേന്മ ആശങ്കാജനകമായ വിധത്തിൽ മുതലക്കൂപ്പ് നടത്തിയിരിക്കുന്നു എന്ന ഹൈക്കോടതിയുടെ വിശദമായ നിരീക്ഷണത്തിന് പിന്നാലെ 9 സ്വാശ്രയ ഡെന്റൽ കോളേജുകൾക്കുകൂടി അനുമതി നൽകാൻ ഉടൻ ഉത്തരവിറങ്ങാൻ പോകുന്നു എന്ന വാർത്തയും മാദ്ധ്യമങ്ങളിൽ വായിക്കാനിടയായി. മൂന്ന് സ്വകാര്യ ഡെന്റൽ കോളേജുകളിലെ സീറ്റുകൾ അറുപതിൽനിന്നും നൂറായി വർദ്ധിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായതായും അറിയുന്നു. 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി സ്വകാര്യ മേഖലയെ കൊഴുപ്പിക്കു ന്നതിനും തത്പരകക്ഷികൾക്ക് അതോടൊപ്പം തടിച്ചുകൊഴുക്കാനുള്ള അവ സരമുണ്ടാക്കുന്ന വാർത്തയും വന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ പ്രക്ഷോഭരംഗത്ത് വരുന്ന വിദ്യാർത്ഥികളെ പോലീസിനെ ഉപയോഗിച്ച് അടി ച്ചമർത്താൻ ശ്രമിക്കുകയാണ്. ഇക്കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിന് മുമ്പിൽ ഇത്തരം പ്രശ്നങ്ങളിൽ പ്രതിഷേധത്തിനിറങ്ങിയ എ.ഐ.എസ്.എ ഫ്.-ന്റെ വിദ്യാർത്ഥികളെ ക്രൂരമായി തല്ലിച്ചതച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് സന്ദീപ് ഉൾപ്പെടെയുള്ളവരെ ക്രൂരമായി മർദ്ദിക്കുകയാണ് ചെയ്തത്. സമാധാനപരമായി സമരം നടത്തിയ വിദ്യാർത്ഥികൾക്കുനേരെ നട ത്തിയ കടന്നാക്രമണമാണിത്. വിദ്യാർത്ഥിവേട്ടയിൽ പ്രതിഷേധിച്ച് ഇന്നലെ

ജില്ലകൾതോറും സമരം സംഘടിപ്പിക്കാൻ തീരുമാനിച്ചു. അത്തരം ഒരു സമരം സംഘടിപ്പിച്ചപ്പോൾ കൊല്ലം ജില്ലയിൽ പോലീസ് മൃഗീയമായാണ് സമരക്കാരെ നേരിട്ടത്. അവിടെ വിദ്യാർത്ഥിനികളെപ്പോലും റോഡിൽനിന്നും വലിച്ചിഴച്ചുകൊണ്ടുപോകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അവരുടെ ഷോൾ വലിച്ചുകീറാനും വസ്ത്രങ്ങളിൽ കയറിപ്പിടിക്കാനുമുള്ള നടപടിവരെ ഉണ്ടായി എന്നത് പത്രവാർത്തയാണ്. ഇത്തരമൊരു നരനായാട്ടിന് അവസാനമുണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സർക്കാരിന്റെ ഈ നടപടി അവസാനിപ്പിച്ചേ മതിയാകൂ. പഴയ കാലത്ത് ഒരു സംസാരം നമ്മുടെ രാജ്യത്താകെയുണ്ടായതാണ്. ഏതെങ്കിലും ഉന്നതൻമാർക്ക് മൂത്രശങ്ക ഉണ്ടായാൽ അടുത്ത ബന്ധുക്കൾക്ക് ഒരു സീറ്റ് ഉറപ്പായിരുന്നു എന്നായിരുന്നു പഴയ കാലത്തുള്ള ധാരണം. ഇപ്പോൾ മൂത്രശങ്കയുണ്ടെന്ന് പോലീസ് തീരുമാനിച്ചാൽ, മൂത്രശങ്ക എന്ന് പറയുന്നതിന്റെ കോഡ് വാചകം മർദ്ദനമാണ് എന്ന് തെളിയിക്കുന്ന സംഭവമാണ് ഇന്നലെ ഉണ്ടായത്. അതാണ് രാവിലെ ഇവിടെ ചർച്ച ചെയ്തത്. തീർച്ചയായും ഒരു കാര്യമേ ഈ സന്ദർഭത്തിൽ ചൂണിക്കാണിക്കാൻ ഉള്ളൂ. ഇത്തരം പ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി ഇവിടെ നൽകിയ വിശദീകരണം – മൂത്രം എടുക്കുന്നത് രാസപരിശോധനയ്ക്കാണ്. അങ്ങനെ മൂത്രമെടുക്കുന്നത് രാസപരിശോധനയ്ക്കായിട്ടാണെങ്കിൽ പ്രതിയെ സ്റ്റേഷനിൽ എത്തിച്ചാൽ ആദ്യം മൂത്രമെടുക്കുകയാണോ; അവസാനം അവരെ ജാമ്യത്തിൽ വിടാൻ പോകുന്ന സന്ദർഭത്തിൽ പ്രത്യേകമായി മൂത്രം എടുക്കാൻ സംവിധാനം ഉണ്ടാക്കുമോ? എന്തുകൊണ്ടാണ് അവരെ വിട്ടയയ്ക്കാൻ ജാമ്യക്കാർ വന്നപ്പോൾ മൂത്രം ഒഴിപ്പിക്കണം എന്ന് പോലീസിന് തോന്നിയത്? അത് രാസപരിശോധനയ്ക്കാണ് എന്ന വിശദീകരണമാണ് ബഹുമാന്യനായ ആഭ്യ

ന്തരവകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. തീർച്ചയായും ഇത് യുക്തിക്ക് നിരക്കുന്ന കാര്യമല്ലെന്നും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണെന്നും സഭയെപോലും തെറ്റിദ്ധരിപ്പിക്കുന്ന സമീപനമാണ് അദ്ദേഹം സ്വീകരിച്ചത് എന്നും കാണാൻ കഴിയും. ഇത്തരം നിലപാടുകൾ സ്വീകരിക്കുന്ന ഗവണ്മെന്റിന്റെ നയങ്ങളിൽ ശക്തിയായി പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട്, ഈ ധനാഭ്യർത്ഥനയിൽ എനിക്കുള്ള ശക്തമായ പ്രതിഷേധം അറിയിച്ചു കൊണ്ട് നിറുത്തുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, കേരളീയ സമൂഹത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന തൊഴിലും തൊഴിലാളിക്ഷേമവും സഹകരണവും വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. 68,000 കോടി രൂപയുടെ നിക്ഷേപത്തിൽ നിന്ന് ഒരു വർഷം കൊണ്ട് 84,000 കോടി രൂപയുടെ നിക്ഷേപമാക്കി ഉയർത്തി 44,000 -ൽപ്പരം ജീവനക്കാരുള്ള ഒരു മഹാപ്രസ്ഥാനമായി ഇന്ന് സഹകരണ മേഖല നിലനിൽക്കുകയാണ്. വിശ്വാസ്യതയുള്ള, നിഷ്കളങ്കനായ ഒരു നാട്ടു കാരണവരുടെ ശൈലിയും രീതിയുമുള്ള സഹകരണ വകുപ്പു മന്ത്രി ഒരു വർഷം കൊണ്ട് നിക്ഷേപം 84,000 കോടി രൂപയാക്കി ഉയർത്തിയത് അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പ്രവർത്തനംകൊണ്ടാണ്. 1946 -ൽ 1669 സഹകരണ സംഘങ്ങളിൽ 32 ലക്ഷം നിക്ഷേപകരാണ് ഉണ്ടായിരുന്നത്. അന്ന് 32 ലക്ഷം രൂപയായിരുന്നു നിക്ഷേപകരുടെ വിഹിതം. ഇന്ന് കേരളത്തിൽ 14,000-ത്തോളം രജിസ്റ്റേർഡ് സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ആ സൊസൈറ്റികൾ ഇന്ന് പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റെ

ഏറ്റവും വലിയ സ്വപ്നമായിരുന്നു സഹകരണമേഖലയുടെ വളർച്ച. ഹരിത വിപ്ലവത്തിന് മുൻതൂക്കം നൽകിയതുപോലെ ഈ മേഖലയിലും വലിയ മാറ്റങ്ങളുണ്ടാകണമെന്ന് അദ്ദേഹം ആത്മാർത്ഥമായി ആഗ്രഹിച്ചു. സഹകരണ ബാങ്കുകൾ ഇന്ന് കേരളീയ ജീവിതത്തിലെ നിർണ്ണായക ഘടകമാണ്. കൊമേഴ്സ്യൽ ബാങ്കുകളും ന്യൂജനറേഷൻ ബാങ്കുകളും മോഡേൺ ടെക്നോളജി ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ മേഖലയെ കീഴടക്കുകയാണ്. എ.ടി.എം.ഉം കോർ ബാങ്കിംഗുമൊക്കെ നടപ്പിലാക്കുമ്പോൾ ആ മേഖലയിൽ സഹകരണ സ്ഥാപനങ്ങൾക്ക് പിടിച്ചുനിൽക്കാനാകുന്നില്ല. ഈ മേഖലയിലാണ് എ.വൈദ്യനാഥ് കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശയുടെ ഫലമായി നമുക്ക് കിട്ടേണ്ട വിഹിതം വാങ്ങിച്ചിട്ടില്ല എന്ന സത്യം അറിയുന്നത്. കഴിഞ്ഞ സർക്കാർ ഇതുമായി ബന്ധപ്പെട്ട് ചർച്ചയ്ക്ക് പോലും തയ്യാറായില്ല. ഇപ്പോൾ കേന്ദ്രത്തിൽ നിയമമായി എങ്കിലും, കൊമേഴസ്യൽ ബാങ്കുകളുമായും ന്യൂജനറേഷൻ ബാങ്കുകളുമായും കിടപിടിക്കത്തക്ക രീതിയിൽ കേരളത്തിലെ സഹകരണ ബാങ്കുകളെ എങ്ങനെ കാര്യക്ഷമമാക്കാമെന്ന് ആലോചിക്കണം. കേരളത്തിലെ സഹകരണ ബാങ്കുകളെ നവീകരിക്കാനുള്ള ശ്രമങ്ങളാണ് ഉണ്ടാകേണ്ടത്. ഇന്ന് നമ്മുടെ കാർഷിക സഹകരണ ബാങ്കുകൾ വിലക്കയറ്റവുമായി ബന്ധപ്പെട്ട് സമൂഹത്തിൽ വലിയൊരു ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. . വിലക്കയറ്റത്തിന്റെ മേഖലയിൽ ജനങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കുന്നത് സഹകരണ ബാങ്കുകൾക്കാണെന്ന് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വിലക്കയറ്റം പിടിച്ചുനിറുത്താൻവേണ്ടി രണ്ടായിരത്തോളം നന്മസ്റ്റോറുകൾ സ്ഥാപിക്കുമെന്ന് ബഹുമാന്യനായ മന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. അധികം താമസിയാതെ അത്

പതിനായിരത്തിലേയ്ക്ക് ഉയർത്തുമെന്നും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. അത് കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടുകൂടി കാണുകയാണ്. ഇപ്പോൾ ഗ്രാമങ്ങൾക്ക് ഒരു പുതിയ രൂപമുണ്ട്. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ വന്നിരിക്കുകയാണ്. മാവേലി തമ്പുരാനെ കാത്തിരിക്കുന്നതു പോലെയാണ് ഗ്രാമീണ സ്ത്രീകൾ മാവേലി സ്റ്റോറിന്റെ വണ്ടി വരുന്നതും കാത്തിരിക്കുന്നത്. കാരണം പച്ചക്കറിയായാലും എന്തുല്പന്നമായാലും അവരുടെ വീട്ടുപടിക്കലെത്തുകയാണ്. അത്തരത്തിലുള്ള ഒരു വാഹനം എന്റെ നിയോജക മണ്ഡലത്തിൽക്കൂടി അനുവദിച്ചു തരണമെന്നാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കാർഷിക സഹകരണ മേഖലകൾ വഴി മുപ്പതിനായിരത്തോളം നെൽകർഷകർക്ക് പലിശ രഹിത വായ്പ നൽകുവാനുള്ള തീരുമാനം കാർഷിക മേഖലയുടെ അഭിവൃദ്ധിക്ക് വലിയ അടിത്തറ പാകും. എന്തു ലക്ഷ്യത്തിനുവേണ്ടിയാണ് സഹകരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചത് ആ രീതിയിലുള്ള പ്രവർത്തനമാണ് ഇപ്പോൾ ആ മേഖലയിൽ നടക്കുന്നത്. തൊഴിൽ മേഖലയിൽ ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ ഇടപെടലിന്റെ ഭാഗമായി കാതലായ മാറ്റങ്ങളുണ്ടായി എന്നുള്ള കാഹളമാണ് ഇന്ന് കോട്ടയത്ത് നിന്ന് കേട്ടത്. കോട്ടയത്തെ കൃഷി വകുപ്പിന്റെ ഒരു ആഫീസിൽ ഇന്നലെ 240 തെങ്ങിൻതൈ കൊണ്ടുവന്നു. തെങ്ങിൻതൈ ഇറക്കണമെങ്കിൽ ഒരു തൈക്ക് നാല് രൂപവീതം കൊടുക്കണമെന്നാണ് അവിടത്തെ തൊഴിലാളികൾ വാദിച്ചത്. പക്ഷേ വിജയപുരം കൃഷി ആഫീസിലെ കൃഷി ഓഫീസറായ ഗീത അലക്സാണ്ടർ എന്ന വനിത ആ 240 തെങ്ങിൻ തൈകളും രണ്ട് മണിക്കൂർ കൊണ്ട് ലോറിയിൽ നിന്ന് താഴെ ഇറക്കി വെല്ലുവിളി നടത്തിയിരിക്കുകയാണ്. ആ വനിതാ കൃഷി ആഫീ

സർക്ക് ഒരു അവാർഡ് നൽകണമെന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയോട് അപേക്ഷിക്കുകയാണ്. ഇതൊരു മാതൃകയാണ്. ഇതുപോലെയുള്ള മാതൃകകൾ കേരളത്തിലുണ്ടാകണം എങ്കിൽ മാത്രമേ കേരളത്തിൽ മാറ്റങ്ങളുണ്ടാക്കാൻ കഴിയുകയുള്ളു. നമ്മുടെ രാജ്യത്ത് 43.42 ലക്ഷം യുവാക്കളാണുള്ളത്. സാമ്പത്തിക സർവ്വേയുടെ കണക്കനുസരിച്ച് തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ പകുതിയിലധികം പേരും ഒരു തൊഴിൽ പരിചയവുമില്ലാത്തവരുമാണ്. കേരളത്തിലെ ഏറ്റവും വലിയ പ്രയാസകരമായ അവസ്ഥയാണ്. ബഹുമാനപ്പെട്ട മന്ത്രി ആ രംഗത്ത്  വലിയൊരു മാറ്റത്തിന് തുടക്കം കുറിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഷിബു ബേബിജോൺ സ്കിൽ ഡെവലപ്മെന്റ് ഇൻഷ്യേറ്റീവ് എന്ന പേരിൽ 1166 കോഴ്സുകളാണ് ലക്ഷ്യമിട്ട് ഈ രംഗത്തേയ്ക്ക് കൊണ്ടുവരുന്നത്. 14 വയസ് കഴിഞ്ഞവരും 5 -ാം ക്ലാസ് മുതൽ മുകളിലേയ്ക്കു പഠിച്ചിട്ടുള്ളവരുമായ ആളുകൾക്ക് വ്യത്യസ്ത മേഖലയിൽ തൊഴിൽ പരിശീലനം നൽകുകയാണ്. ജനങ്ങൾക്ക് വലിയ പ്രതീക്ഷയുണ്ട്.  നമ്മുടെ രാജ്യത്ത് 5 കോടി തൊഴിൽ സാധ്യതകളാണ് മുന്നിലുള്ളത്. അത് ബഹുമാന്യനായ പ്രധാനമന്ത്രി പ്രഖ്യാപിച്ചു കഴിഞ്ഞു. അഞ്ച് കോടി തൊഴിൽ സാധ്യതകളിൽ കേരളത്തിലെ 33 സർക്കാർ ഐ.ടി. കളിലൂടെ തുടക്കംക്കുറിക്കുന്ന ഈ ജനകീയ മുന്നേറ്റത്തിലൂടെ കേരളത്തിൽ അതിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയണം. തൊഴിലില്ലായ്മയിൽ ഇപ്പോൾ കേരളം മൂന്നാം സ്ഥാനത്താണ്. അതിനുകാരണം തൊഴിൽ രംഗത്തെ വനിതകളുടെ പങ്കാളിത്തമാണ്. പുരുഷന്മാർ മാത്രമാണെങ്കിൽ കേരളം ഒമ്പതാം സ്ഥാനത്താകുമായിരുന്നു. നമ്മുടെ വർക്ക് സോഴ്സ് കേരളത്തിൽ 83 ലക്ഷമാണ്.  അതിനുകാരണം ഒട്ടുംമോശമല്ലാതെ വനിതകളും

ഒപ്പത്തിനൊപ്പം നിൽക്കുന്നുവെന്നുള്ളതുകൊണ്ടാണ്. വേദനിക്കേണ്ട മറ്റൊരു കാര്യം, ഗൾഫ് മേഖല എന്ന സ്വപ്നം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. നാം ജോലി ചെയ്തിരുന്ന അവിദഗ്ദ്ധ മേഖലയിലേയ്ക്ക് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് തൊഴിലാളികൾ കടന്നു വരികയാണ്. നമ്മുടെ ആളുകൾ വിദേശരാജ്യങ്ങളിൽ ചെയ്തിരുന്ന വീട്ടു ജോലിയും പാചകവുമെല്ലാം കുറഞ്ഞ ശമ്പളത്തിന് ചെയ്യുവാൻ ഫിലിപ്പൈൻസ് പോലെയുള്ള രാജ്യങ്ങളിൽ നിന്ന് ആളുകൾ ഒഴുകി എത്തുന്നു. അവർക്ക് ഭാഷാ പരിജ്ഞാനവും സൗന്ദര്യവുമുണ്ട്, ഫിലിപ്പൈൻസുകാരെ കണ്ടാൽ ഏകദേശം ഒരേ കളിക്കോപ്പ് കമ്പനിയിലെ പ്രോഡക്ടുകളാണെന്ന് തോന്നും. ആ രീതിയിൽ അവരെ ഏത് ഓഫീസുകളും സ്വീകരിക്കുന്നു. നമ്മെ സ്വീകരിക്കാൻ തയ്യാറാകുന്നില്ല. വലിയതോതിൽ കൊഴിഞ്ഞുപോക്ക് ഉണ്ടാകാൻ പോവുകയണ്. സ്വദേശിവൽക്കരണം ഒരു ഭാഗത്ത് വരുന്നു. അതുപോലെ തന്നെ ഭാഷാ പരിജ്ഞാനം ഒരു വലിയ വിഷയമായി മാറുന്നു. ഈ ഘട്ടത്തിൽ ഇവർക്ക് ഇടയിൽ പിടിച്ചു നിൽക്കണമെങ്കിൽ നമ്മുടെ ആളുകളും വിദഗ്ദ്ധതൊഴിലാളികളായി മാറണം. വിദഗ്ദ്ധ തൊഴിലാളികളായി മാറിയില്ലെങ്കിൽ നമ്മുടെ രാജ്യം ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കേണ്ടി വരും. എക്കണോമിക്ക് സർവ്വേയുടെ കണക്കനുസരിച്ച് 22.8 ലക്ഷം പേരാണ് കേരളത്തിൽ നിന്ന് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നത്. അവർ തിരിച്ചു വന്നാലുണ്ടാകുന്ന ഭവിഷത്ത് ഭയാനകമാണ്. അതിനെ നേരിടാനുള്ള സംവിധാനമെന്നുള്ള നിലയിലായിരിക്കണം തൊഴിൽ മേഖലയെ ഉയർത്തിക്കൊണ്ടുവരാൻ നാം ശ്രമിക്കേണ്ടത്. ഒരു തൊഴിൽ സംസ്ക്കാരം ആ രംഗത്തുണ്ടാകണം. കേരളത്തിന്റെ തൊഴിൽ സംസ്ക്കാരമെന്താണ്? 9.7 ലക്ഷം മല

യാളികൾ മറുനാട്ടിൽ ജോലി ചെയ്യുമ്പോൾ 10 ലക്ഷം മറുനാട്ടുകാർ ഇവിടെ ജോലി ചെയ്യുന്നു. ഇതിനർത്ഥം നമ്മുടെ ആളുകൾക്ക് ആവശ്യമായ തൊഴിൽ ഇവിടെയുണ്ട്. പക്ഷേ ആ തൊഴിൽ ചെയ്യാൻ കഴിയുന്ന സംസ്ക്കാരത്തിലേയ്ക്ക് കേരളീയ സമൂഹം മാറിയിട്ടില്ല. പശ്ചിമ ബംഗാളിൽ നിന്നും ആസ്സാമിൽ നിന്നും ഒറീസ്സയിൽ നിന്നുമൊക്കെ ആൾക്കാർ ഇങ്ങോട്ടേയ്ക്ക് വരികയാണ്. 30 വർഷത്തെ കമ്മ്യൂണിസ്റ്റ് ഭരണം പശ്ചിമബംഗാളിൽ അവസാനിച്ചപ്പോൾ, അവിടത്തെ ജനങ്ങളെ നമുക്ക് കാണണമെങ്കിൽ കേരളത്തിലെ കല്ലുവെട്ട് കുഴിയിൽ നോക്കണം എന്നുള്ളതാണ് അവസ്ഥ. ഇത് അവിടെ മാത്രമല്ല. റഷ്യ തകർന്നപ്പോഴും ഗൾഫ് രാഷ്ട്രങ്ങളിലെ തെരുവുകളിലും ഈ കാഴ്ച കാണാമായിരുന്നു. ഇത് എവിടെയും കാണുന്നതാണ്. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി അഞ്ച് വർഷം കൊണ്ട് 15 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ഒരു നീക്കം നടത്തുകയാണ്. കേരളത്തിലെ എല്ലാവരുടേയും പിൻബലമുണ്ടാകേണ്ട വലിയ നീക്കമാണത്. അതുപോലെ തന്നെയാണ് പ്രവാസിമേഖല. പ്രവാസികൾ വലിയ പ്രതിസന്ധികളെ അതിജീവിക്കുന്നവരാണ്. നമ്മുടെ രാജ്യത്തുണ്ടാകുന്ന ഏത് മാറ്റങ്ങളും അനുഭവിക്കേണ്ടിവരുന്ന ഒരു വിഭാഗമായി അവർ മാറുകയാണ്. അവർക്കിടയിലേയ്ക്കും പോകണം. കാരണം പ്രവാസികളിൽ ആട് ജീവിതത്തിന്റെ കഥകൾ പറയുന്നത് വെറുതേയല്ല. ഒരു വലിയ വിഭാഗം അങ്ങനെയുണ്ട് അവരെ കാണാൻ നമുക്ക് കഴിയുന്നില്ല. അവർ ജയിലിൽ അടയ്ക്കപ്പെട്ടാൽ അവരെ സംരക്ഷിക്കാൻ ആർക്കും കഴിയുന്നില്ല. അവർ എംബസിയിൽ എത്തിയാൽ സംസാരിക്കാനുള്ള ഭാഷാ പരിജ്ഞാനം അവർക്കില്ല. പ്രവാസികാര്യവകുപ്പിന്റെ മന്ത്രി ഇവിടെയുണ്ട്. കേരളത്തിലെ ഓരോ എംബസിയിലും മലയാളി

കളായ ഉദ്യോഗസ്ഥന്മാരെ നിയമിക്കാനുള്ള നടപടികളുണ്ടാകണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്. അത് വളരെ നിർബന്ധമായ ഒന്നാണ്. അതോടൊപ്പംതന്നെ അവർക്ക് നിയമപരമായ പരിരക്ഷയും കിട്ടണം. ലീഗൽ എയ്ഡ് സെൽ ഉണ്ടാകണം. ലീഗൽ എയ്ഡ് സെൽ സൗദി അറേബ്യയിലു ണ്ടാകണം മറ്റ് രാജ്യങ്ങളിലുണ്ടാകണം. അവിടെയൊക്കെ നിയമപരമായ പരിരക്ഷയ്ക്കുവേണ്ടി ഒരു അഭിഭാഷകന്റെ സഹായം തേടാവുന്നതാണ്. അതിന് കേരള സർക്കാരിന്റെ ഇടപെടലുണ്ടാകണം. നമുക്കറിയാം പ്രവാസി മലയാളികൾക്കിടയിൽ വളരെ കാര്യക്ഷമമായി ഒട്ടേറെ പ്രവർത്തനങ്ങൾ നട ക്കുകയാണ്. അതിൽ വളരെ പ്രധാനപ്പെട്ടതാണ് പ്രവാസി ക്ഷേമനിധിയു മായി ബന്ധപ്പെട്ട കാര്യം. പ്രവാസി ക്ഷേമനിധിയിൽ അംഗമാകുന്നതിന് പെൻഷൻ പ്രായം ഉയർത്തുമെന്ന് പലതവണ അസംബ്ലിയിൽ ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞതാണ്. അത്തരം കാര്യങ്ങളിൽ അന്തിമമായ തീരു മാനമുണ്ടായോ? അങ്ങനെ പെൻഷൻ പ്രായം ഉയർത്താൻ തീരുമാനിച്ചി ട്ടുണ്ടോ എന്നുകൂടി വ്യക്തമാക്കാൻ തയ്യാറാകണം. കാരണം വിദേശ മലയാ ളികൾ വളരെ പ്രയാസങ്ങൾ അനുഭവിക്കുന്നവരാണ്. വിമാന കമ്പനിക ളുടെ കാര്യം ചെറിയ പ്രശ്നമല്ല. ഗൾഫ് സെക്ടറിൽ വിമാന കമ്പനികൾ ഇഷ്ടംപോലെ ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്. അവർക്ക് ഡിമാന്റാണ്. ഏറ്റവും കൂടുതൽ ആളുകൾ വീട്ടിലേയ്ക്ക് വരാൻ നിൽക്കുന്ന മേഖലയാണ് ഗൾഫ്. അതുകൊണ്ട് ഗൾഫ് മേഖലയിൽ തോന്നിയതുപോലെ വിമാന ചാർജ് ഈടാക്കുന്നു എന്നുള്ളത് ആർക്കും ബോധ്യമാകുന്ന കാര്യമാണ്. അൻപതിനായിരം രൂപ ഹജ്ജ് സബ്സിഡി കിട്ടിയാൽ ആ തുക വിമാന കമ്പനികൾ അധികമായി വാങ്ങുന്ന തുകയാണ്. 16,000/- രൂപ കൊടുക്കേ ണ്ടിടത്താണ് അൻപതിനായി രൂപ വിമാന കമ്പനി ഈടാക്കുന്നത്. ഇത്

ഗൾഫ് സെക്ടറിന്റെ സ്വഭാവമാണ്. ഇത് മറ്റ് സെക്ടറുകളിൽ കാണാൻ കഴിയില്ല. അതുകൊണ്ട് ഇങ്ങനെയുള്ള പ്രതിസന്ധി ഗൾഫ് മലയാളികൾ നിരന്തരമായി അനുഭവിക്കുന്നു. പൈലറ്റുമാരുടെ സമരം തീർന്നെങ്കിലും ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിയുന്നില്ല. അതിന് ഏറ്റവും ഉചിതമായ മാർഗ്ഗമെന്താണ്; കേരളം ഒരുപാട് സാധ്യതകൾ തേടുന്നു. ബഹുമാന്യനായ കേരളത്തിന്റെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇന്നലെ ഡൽഹിയിൽ പോയി കൊച്ചി മെട്രോ യാഥാർത്ഥ്യമാക്കി തിരിച്ചുവന്നിരിക്കുന്നു. ഒരു കേരള എയർവെയ്സ് നമ്മുടെ സ്വപ്നമാണ്. കേരള എയർവെയ്സ് സാധ്യമാകുമെന്ന് എനിക്കുറപ്പുണ്ട്. വിദേശ മലയാളികൾ തന്നെ നിക്ഷേപവുമായി ഈ രംഗത്ത് വരും. അവരെ വിനിയോഗിക്കാൻ തയ്യാറാകുന്ന അവസ്ഥയിൽ സംസ്ഥാന സർക്കാർ മുന്നോട്ട് പോകണം. അത് വളരെ നിർബന്ധമായും നടപ്പാക്കേണ്ട കാര്യമാണ്. കേരളത്തിന്റെ തൊഴിൽ രംഗത്തും പ്രവാസികളുടെ കാര്യത്തിലും സഹകരണ രംഗത്തുമൊക്കെ ഒരുപാട് ഉയരങ്ങളിൽനിന്നുകൊണ്ട് ചിന്തിക്കുന്ന ഒരു തലത്തിലേയ്ക്ക് നമ്മൾ എത്തണം. നമ്മുടെ ചിന്തകൾ ഒരിക്കലും ചെറുതായിക്കൂട. കേരളീയ സമൂഹത്തിന്റെ ചിന്തയ്ക്ക് വന്ന ഏറ്റവും വലിയ കുറവ് ചിന്തകൾ ചെറുതായിപ്പോകുന്നു എന്നുള്ളതാണ്. ഇന്ന് ഒരംഗം ചോദ്യം ചോദിക്കാൻ എഴുന്നേറ്റുനിന്നു. ഉടൻ തന്നെ 'പച്ച' എന്നു പറഞ്ഞു. നമ്മൾ അവിടേയ്ക്കെത്തി നിൽക്കുകയാണ്. 'പച്ച' എന്നു കേട്ടാൽ അൽഭുതപ്പെടുകയാണ്. നമ്മൾ എത്ര ചെറുതാകുന്നു. ഇ. അഹമ്മദ് സാഹിബ് കേരളത്തിന്റെ റെയിൽവേ മന്ത്രിയായിരുന്ന സമയത്ത് റെയിൽവേ സ്റ്റേഷനിലെ കൊടി മാറ്റാനും സിഗ്നൽ മാറ്റാനും ഇവർ പറയാതിരുന്നത് ഭാഗ്യം. എവിടേയ്ക്കാണ് ഇവർ എത്തി

യിരിക്കുന്നത്? ഇവിടെ കേരളത്തെ എത്ര ചെറുതാക്കുന്നു. കാര്യങ്ങളെ ഓരോ ഘട്ടങ്ങളിലും കണ്ണടച്ച് ഇരുട്ടാക്കരുത്. 35 സ്കൂളുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. 1986 –ലെ നാഷണൽ എജ്യൂക്കേഷൻ പോളിസി അനുസരിച്ച് നിയോ ബുദ്ധിസ്റ്റുകളും മുസ്ലീങ്ങളും പിന്നോക്കമാണെന്ന് കണ്ടെത്തി. 1992–ൽ ഗോപാൽസിംഗ് കമ്മീഷൻ ഇന്ത്യാരാജ്യത്തെ 141 ജില്ലകളെ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായി പ്രഖ്യാപിച്ചു. അതിൽ കേരളത്തിൽ മലബാറിലെ 5 ജില്ലകൾ തെരഞ്ഞെടുത്തു. ഈ അഞ്ച് ജില്ലകളിൽ മുസ്ലീങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രദേശത്ത് ഏരിയാ ഇന്റൻസീവ് സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചു. ആ സ്കൂൾ തുടങ്ങുന്നതിനുവേണ്ടി ചാരിറ്റബിൾ സൊസൈറ്റികളെ തെരഞ്ഞെടുത്ത് ആ ചാരിറ്റബിൾ സൊസൈറ്റികളുടെ അപേക്ഷ സ്വീകരിച്ച് അവർക്ക് കേന്ദ്രത്തിന്റെ സഹായം കൊടുത്ത് ആ സ്ഥാപനം തുടങ്ങി. ആ സ്ഥാപനത്തിന് കേന്ദ്ര സഹായം കിട്ടാതെവന്നു. കേരളസർക്കാർ അത് കൊടുത്തു. ഇടതുപക്ഷ മുന്നണി അതിന് അംഗീകാരം കൊടുത്തു. അംഗീകാരം കൊടുക്കുക മാത്രമല്ല, ആ സ്ഥാപനത്തിന് ബെയ്സിക്ക് സാലറി കൊടുക്കാൻ വരെ 2003–ൽ ഇടതുമുന്നണി സർക്കാരിന്റെ കാലഘട്ടത്തിൽ തീരുമാനിച്ചു. വിദ്യാർത്ഥികൾക്ക് ലംസംഗ്രാന്റ്, സ്കോളർഷിപ്പ് എന്നിവ കൊടുക്കുകയും ഡി.പി.ഇ.പി. യിൽ ഉൾപ്പെടുത്തുകയും ചെയ്തു. പൂർണ്ണമായും ഗവൺമെന്റ് ബെയ്സിക്ക് സാലറി കൊടുക്കുന്ന അദ്ധ്യാപകൻമാർക്ക് ഇൻക്രിമെന്റ് കൊടുത്ത് റെഗുലർ ചെയ്യുക എന്ന ചുമതല മാത്രമേയുള്ളു. ആ ചുമതല നിൽക്കുമ്പോൾ നേരത്തെ എയ്ഡഡായി തുടങ്ങിയ സ്ഥാപനം അവരുടെ സ്കെയിൽ പെട്ടെന്ന് സർക്കാരിന് തുല്യമാക്കുമ്പോൾ ആശങ്കയുണ്ടാകുന്നതെന്താണ്? ഇവിടെ ചിലർ പറഞ്ഞത് ഇവിടെ ആകമാനം നിയമനങ്ങൾ നടത്താൻ

പോകുന്നുവെന്നാണ്. തീരുമാനിക്കട്ടെ, ചർച്ച ചെയ്യട്ടെ, ധനകാര്യവകുപ്പിന്റെ മുൻപിലാണ് ഫയൽ. കാര്യങ്ങൾ പഠിക്കട്ടെ. ഇതിന്റെ പേരിൽ ഒരു വിമർശനം ആകാം എന്നുള്ള രീതിയിൽ ഉത്തരവാദപ്പെട്ടവർ മുന്നോട്ട് പോകുന്നത് ഉചിതാമാണോ എന്ന് ആലോചിക്കണം. ഇവിടെ വളരെ കൃത്യമായ നിലപാടുകളോടുകൂടിയാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ട് പോകുന്നത്. ആ ഐക്യജനാധിപത്യ മുന്നണിയിലെ വളരെ പ്രധാനപ്പെട്ട വകുപ്പുകളാണ് സഹകരണവകുപ്പും തൊഴിൽ വകുപ്പും പ്രവാസികാര്യവകുപ്പും. വളരെ ഭംഗിയായി ഒരു വർഷംകൊണ്ട് കർമ്മ പരിപാടികൾ മുഴുവൻ പൂർത്തിയാക്കി പുതിയ ലക്ഷ്യബോധത്തോടുകൂടി മുന്നോട്ട് പോകുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ മുക്തകണ്ഠം പിൻതുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

* * * * * * * * * * * * * * *